സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

50 (3661) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 253/2011) തസ്തികയുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ യോഗ്യതയില്ല എന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കുമെന്ന് അറിയിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 24-11-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ്) 47/14/ ആ.സാ.വ. പ്രകാരവും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരവും മേൽ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെകൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി-ക്ക് നിർദ്ദേശം നൽകുമോ ;

(സി) 24-10-2014-ലെ സർക്കാർ ഉത്തരവ് (എം. എസ്) 47/14/ആ.സാ.വ. പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിലേക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം. യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ വേണ്ടിയാണ് സ്പെഷ്യൽ റൂൾസിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്2/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 എന്നീ തസ്തികകളുടെ യോഗ്യതയായി 'ബിസിനസ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം' കൂടി ഉൾപ്പെടുത്തിക്കൊണ്ട് 24-10-14-ലെ GO(Ms)No. 47/14/Plg നമ്പർ ഉത്തരവു പ്രകാരം സർക്കാർ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചത്. ടി സർക്കാർ ഉത്തരവ് പി.എസ്.സി. സെക്രട്ടറിക്കും നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Business Statistics പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ടി തസ്തികയിലേക്ക് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

2015-16 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കാൻ നടപടി

31 (3662) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) നിവേദനം എപ്രകാരമാണ് തയ്യാറാക്കുന്നത്;

(സി) ഇതിനായി ആരൊക്കെയുമായി സർക്കാർ ചർച്ച നടത്താറുണ്ട് ; വിശദമാക്കുമോ ;

(ഡി) കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം

32 (3663) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ, സിവിൽ സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly